
# ദൈവമോ സാത്താനോ വിജയിക്കുന്നത്?

## IS GOD OR SATAN WINNING?




**സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാൽക്കീഴെ ചതച്ചു കളയും (റോമ. 16:20).**

**നിങ്ങൾക്കറിയാമോ:** ദൈവം ലൂസിഫേറിനെ പൂർണ്ണനായി സൃഷ്ടിച്ചു. എന്നാൽ അവൻ ദൈവത്തോടു മത്സരിക്കയും തൽഫലമായി ദൈവത്തിന്റെ ശത്രുവായ സാത്താൻ (എതിരാളി) ആയിത്തീരുകയും ചെയ്തു (യെശ.14:12–20; യെഹെ.28:12–19).

സാത്താൻ എന്നതു കേവലം തിന്മയുടെ മൂർത്തീഭാവമാണ് എന്ന വാദം സ്വീകാര്യമല്ല. അവന്റെ ആളത്വം നിഷേധിക്കാവുന്നതല്ല. സാത്താന് ആളത്വമില്ലെങ്കിൽ അവൻ ദൈവത്തോടു ന്യായവാദം നടത്തുകയും തർക്കിക്കുകയും മറ്റും ചെയ്തതെങ്ങനെ (യോഹ. 8:44; ഇയ്യോ. 1 ഉം 2 ഉം (അദ്ധ്യായങ്ങൾ); 2 കൊരി. 2:11;11:14,15).

ദൈവം ആദാമിനെ പൂർണ്ണനായി സൃഷ്ടിക്കുകയും അവൻ അനുസരിക്കാത്ത പക്ഷം നിശ്ചയമായും മരിക്കുമെന്ന് അരുളിച്ചെയ്യുകയും ചെയ്തു. സാത്താനാകട്ടെ ഇതിനു നേർ വിരുദ്ധമായി നിങ്ങൾ നിശ്ചയമായും മരിക്കയില്ല എന്നു ഉറപ്പായി പറഞ്ഞു. ഇതു വലിയോരു അസത്യമായിരുന്നു– ആദ്യത്തെ അസത്യം. അതുവഴി ഭോഷ്ക്കുകളുടെവക്താവായ സാത്താൻ മനുഷ്യരാശിയുടെ മേൽ ആധിപത്യം സ്ഥാപിച്ചു (ഉല്പ. 2:17;3:4; യെഹെ. 18:4,20; റോമ. 5:12;6:23).

ദൈവം ആദാമിനു മരണശിക്ഷ വിധിച്ചു. നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും എന്ന് അവൻ പ്രസ്താവിച്ചു. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കുമെന്നുകൂടി അതോടൊപ്പം അവൻ അരുളിച്ചെയ്തു (ഉല്പ. 3:14–19).

സ്ത്രീയുടെ സന്തതിയെ നശിപ്പിക്കാനോ വശീകരിക്കുവാനോ ഉള്ള ശ്രമം കയീന്റെയും ഹാബെലിന്റെയും ചരിത്രത്തോടുകൂടി ആരംഭിച്ചു.

പ്രളയത്തിനു മുമ്പായി ജഡശരീരികളായി മനുഷ്യ സ്ത്രീകളെ വിവാഹം കഴിച്ച് അതുവഴി ഒരു സങ്കരവർഗ്ഗത്തിനു ജന്മം നൽകുന്നതിനും അങ്ങനെ ഭൂമുഖത്ത് തിന്മയുടെ വിളയാട്ടത്തിനു കളമൊരുക്കുന്നതിനും സാത്താൻ ചില ദൂതന്മാരെ പ്രേരിപ്പിച്ചു (ഉല്പ. 6:1-7; യൂദാ. 6,7).

ദൈവം നോഹയും കുടുംബവും ഒഴികെയുള്ള ആ പുരാതന ലോകത്തെ പ്രളയം കൊണ്ടു നശിപ്പിച്ചു. ഇവിടെ ലോകം എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന ഗ്രീക്കു മൂലപദം കോസ്മോസ് എന്നാണ്. അതിനു സാമൂഹിക വ്യവസ്ഥിതി എന്നാണ് അർത്ഥം. ഭൂമി എന്നല്ല (സഭാ. 1:4; 2 പത്രൊ. 2:4,5).

വീഴ്ച്ച ഭവിച്ച ദൂതന്മാരുടെ സഹായത്തോടെ സാത്താൻ നിമ്രോദ് വഴി തുടർന്നു നോഹീയസന്താന ശാഖയെ വശീകരിച്ച് പല വ്യാജ മതഭേദങ്ങളും സൃഷ്ടിച്ചു. അങ്ങനെ ഇപ്പോഴത്തെ ദുഷ്ടലോകത്തിന്റെ ദൈവം എന്ന സ്ഥാനം അവൻ നിയമവിരുദ്ധമായി കൈയ്യടക്കി (ഉല്പ. 10; 2കൊരി. 4:4; ഗലാ. 1:4; യോഹ. 12:31;14:30).

നീതിമാനായ അബ്രഹാമിനു, അവൻ മുഖാന്തരവും അവന്റെ സന്തതി മുഖാന്തരവും ഭൂഗോത്രങ്ങളെല്ലാം അനുഗ്രഹിക്കപ്പെടും എന്ന വാഗ്ദാനം ദൈവം നൽകി (ഉല്പ. 12:1-3;17:19,21; 22:15-18;26:4;28:14).

തത്ഫലമായി യിസ്ഹാക്ക്, ഏശാവ് (ജ്യേഷ്ഠാവകാശം വിട്ടു കളയാൻ പ്രേരിതനായതു വഴി), യോസഫ്, മോശെ, യിസ്രായേല്യർ, ശൗൽ, ദാവീദ്, ശലോമോൻ, അവന്റെ പിൻഗാമികൾ, പ്രവാചകന്മാർ ഇവരെല്ലാം സാത്താന്റെ വിശേഷവിധിയായ ആക്രമണത്തിനു ലക്ഷ്യമായി (ലൂക്കൊ. 11:47-51).

അവസാനമായി ദൈവം വാഗ്ദത്ത സന്തതിയായ തന്റെ ഏകജാതനെ അയച്ചു. അവൻ തന്റെ പ്രാണൻ ലോകത്തിന്റെ വീണ്ടെടുപ്പർത്ഥമായി നൽകേണ്ടതിനു തന്നെ. അതുകൊണ്ടു നിത്യജീവനുവേണ്ടി വ്യക്തിഗതമായ പരിശോധനയ്ക്കുള്ള ഒരവസരം ഏവർക്കും ലഭിക്കുന്നതാണ് (ഗലാ. 3:8,16; മത്താ. 20:28; 1 തിമൊ. 4:10; 1 യോഹ. 2:2).

യേശുവിനെ വശംവദനാക്കുകയോ നിഗ്രഹിക്കുകയോ ചെയ്യുന്നതിനു സാത്താൻ നടത്തിയ പരിശ്രമങ്ങൾ അവന്റെ ക്രൂശീകരണത്തോടെ വിജയത്തിൽ പര്യവസാനിച്ചു (മത്താ. 4:1-11;8:24; ലൂക്കൊ.4:29;22:3-6, 47,48;23:33,34).

എന്നാൽ ദൈവം യേശുവിനെ മരിച്ചവരിൽ നിന്നു ഉയർത്തെഴുന്നേൽപ്പിക്കുകയും ദിവ്യപ്രകൃതിയിലേക്ക് ഉയർത്തുകയും ചെയ്തു (അപ്പൊ. 5:30,31; ഫിലി. 2:9 -11).

യേശുവിനെ നേരിട്ട് വ്യക്തിപരമായ നിലയിൽ ആക്രമിക്കാൻ ഇനി അസാധ്യമെന്നായതോടെ അവന്റെ ശരീരമാം സഭയെ നശിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിൽ സാത്താൻ വ്യാപൃതനായി. കാരണം മനുഷ്യരാശിയെ മുഴുവൻ അനുഗ്രഹിക്കാനുള്ള അബ്രഹാമ്യ സന്തതിയുടെ ഒരു ഭാഗമാണ് സഭയും (റോമ. 12:5;4:13-16; എഫെ. 1:18 -23; ഗലാ. 3:7-9, 29).

സാത്താൻ പീഡിപ്പിച്ചിട്ടും അഭിവൃദ്ധിപ്പെടുന്നതിനും സംഖ്യാബലം കൈവരിക്കുന്നതിനും ദൈവം ആദിമ സഭയ്ക്കു തുണ നിന്നു (അപ്പൊ. 2:41;5:14).

പീഡനം വഴി സഭയെ നാമാവശേഷമാക്കുന്നതിൽ പരാജിതനായ സാത്താൻ അവളെ അബദ്ധോപദേശങ്ങളും ദുരാചാരങ്ങളും കൊണ്ടു

ദുഷിപ്പിച്ചു. അങ്ങനെ കളകളുടെ പെരുപ്പംമൂലം യഥാർത്ഥ സഭ തിരിച്ചറിയപ്പെടാൻ കഴിയാത്ത നിലയിലായി (മത്താ.13:24 –28;2 തെസ്സ.2:3 –10; 1 യോഹ. 4:3).

ദൈവമാകട്ടെ വിശ്വസ്തരായ തന്റെ ജനത്തെ ഒരു നാളും അനാഥരായി വിടുകയില്ലെന്ന വാഗ്ദാനം പാലിച്ചു. അങ്ങനെ സാത്താൻ വിതച്ച കളകൾ തഴച്ചു വളരുകയും ജനങ്ങളെ കൂരിരുട്ട് ഗ്രസിക്കുകയും ചെയ്തപ്പോഴും ദൈവം തന്റെ യഥാർത്ഥ ഭക്തന്മാർക്ക് ചെറിയ അളവിലെങ്കിലും സഹായമെത്തിച്ചു. മാർസിഗ്ലിയോ, വിക്ലിഫ്, ഹസ്, സാവനാറോള, ലൂഥർ, സ്വിൻഗ്ലി, ക്രാൻമാർ, വെസ്ളി തുടങ്ങിയ വിശ്വസ്ത ദാസന്മാർ വഴിയാണ് അവൻ ഇതു സാധിച്ചത് (എബ്രാ.13:5,6; മത്താ.28:20; യെശ. 60:2; ദാനി.11:34; മീഖ.5:5).

ബന്ധിച്ച ബൈബിൾ, അന്ധവിശ്വാസം, അജ്ഞത, ജാതീയ തത്വശാസ്ത്രം, നാനാമുഖങ്ങളായ അബദ്ധോപദേശങ്ങൾ ഇവവഴി സാത്താൻ ക്രൈസ്തവ മണ്ഡലത്തെ സ്വന്തം നിയന്ത്രണത്തിലാക്കി. ഈ അബദ്ധോപദേശങ്ങളിൽ മുഖ്യം രാജാക്കന്മാർ, പുരോഹിതന്മാർ, പ്രഭുക്കന്മാർ ഇവരുടെ അധികാരം ദൈവദത്തമാണെന്ന വാദമാണ്. സാത്താൻ ഒന്നാമതായി ഉരുവിട്ട ഭോഷ്ക്കുകളുടെ (ഉല്പ. 3:4) പിൻബലത്തിനാണ് ഈ ഉപദേശം കൊണ്ടുവന്നത്. മരിച്ചവർ ബോധാവസ്ഥയിലാണ്, മനുഷ്യാത്മാവ് സ്വഭാവേന അമർത്യമാണ്, പാപത്തിന്റെ ശിക്ഷ നിത്യദണ്ഡനമാണ് എന്നിവയാണ് ആ ഭോഷ്ക്കുകൾ. ഇവയിൽ നിത്യ ദണ്ഡനമെന്ന പാഷാണോപദേശം സർവ്വോപരി ദൈവ ദൂഷണാത്മകമാണ്. ലക്ഷ്യാർത്ഥത്തിലുള്ള വേദഭാഗങ്ങൾക്കും ഉപമകൾക്കും അക്ഷരാർത്ഥം കൽപ്പിച്ചും ഹേഡീസ്, ഗീഹെന്ന എന്നീ പദങ്ങളെ സംബന്ധിച്ചു ചിന്താക്കുഴപ്പം സൃഷ്ടിച്ചുമാണ് നിത്യദണ്ഡനോപദേശമെന്ന പടു കുഴിയിൽ മനുഷ്യനെ വീഴിക്കുന്നത്.

1799 മുതൽ ആരംഭിച്ച ഈ അന്ത്യ കാലത്ത് ദൈവം വലിയതോതിൽ ജ്ഞാന വർദ്ധന നൽകിയിരിക്കുകയാണ് (ദാനി. 12:4; നഹൂം. 2:3,4).

മുൻകാലത്തു പ്രചരിപ്പിച്ചു പോന്ന അബദ്ധോപദേശങ്ങൾ വിലപ്പോകാതെ വന്നതോടെ സാത്താനും അവന്റെ കീഴിലുള്ള ദൂതാത്മാക്കളും (വഞ്ചകാത്മാക്കൾ) ചേർന്ന് ഭൂതങ്ങളുടെ ഉപദേശങ്ങൾ പുതിയ രൂപത്തിൽ അവതരിപ്പിക്കുകയാണ് (1 തിമൊ. 4:1). പരിണാമ വാദം, യോഗാനുഭവജ്ഞാനം, ക്രിസ്ത്യൻ സയൻസ്, നവീന ചിന്ത, മോർമോണിസം, റോസിക്രൂസിയാഡിസം, സർവാത്മരക്ഷാവാദം, സയന്റോളജി മുതലായവയാണ് ഇവ. അവൻ അടയാളങ്ങളും അദ്ഭുതങ്ങളും വർദ്ധിപ്പിക്കുകയും ചെയ്യുന്നു (2 തെസ്സ 2:9). ആഭിചാരം, ദുർമന്ത്രവാദം, ഭാഗ്യപ്രവചനം, പരേതാത്മാക്കളുമായുള്ള കല്പിത സംഭാഷണം, സാത്താന്യ ആരാധന, ഇന്ദ്രിയാതീത ജ്ഞാനം, ജ്യോത്സ്യം, ഹസ്തരേഖാശാസ്ത്രം, പറക്കുംതളികകൾ, മഷിനോട്ടം, ജാതകം, മാസ്മരവിദ്യ ഇവയെല്ലാം അതിൽപ്പെടും. ഇങ്ങനെയുള്ള മാധ്യമങ്ങളുമായി തന്റെ ജനത്തിനു യാതൊരു ബന്ധവും പാടില്ലെന്നു ദൈവം അനുശാസിക്കുന്നു (പുറ.22:18;ലേവ്യ.19:26,31;20:6,27;ആവ.18:9-14; 1 ദിന.10:13,14; 2 രാജാ. 21:6; 2 ദിന. 33:6; യെശ.8:19,20; 19:3,4; യിരെ. 29:8,9; സെഖ.10:2; ഗലാ. 5:19 –21; വെളി. 21:8; 22:15).

സാത്താൻ ഹതാശനായിക്കഴിഞ്ഞിരിക്കുന്നു. എന്തെന്നാൽ ക്രിസ്തു മുഖേന സാത്താന്റെ അബദ്ധോപദേശങ്ങളെ സത്യമെന്ന വാൾകൊണ്ടു ഖണ്ഡിക്കുന്നതിലും അവനെ ബന്ധിച്ചു അവന്റെ രാജ്യം നാമാവശേഷ

മാക്കുന്നതിനു സമാഗതമായിരിക്കുന്ന ഞെരുക്കകാലം ഉപയോഗപ്പെടുത്തുന്നതിലും ദൈവം വിജയിച്ചുകൊണ്ടിരിക്കുന്നതായി അവൻ മനസിലാക്കുന്നു. ഇതു ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുന്നതിനു മുന്നോടിയത്രേ (വെളി. 19:11-21; 11:15-18; 20:1-4; 1 രാജാ. 19: 11, 12; സങ്കീ. 46:8-11; 76: 8-10; ദാനി. 12:1; മത്താ. 24:21, 22; 12:29; 6:10; മീഖാ. 4:1-4).

ദൈവം വേഗത്തിൽ സാത്താനെ നിങ്ങളുടെ (തിരഞ്ഞെടുക്കപ്പെട്ട സന്തതി) കാൽക്കീഴെ ചതച്ചു കളയും. എന്തെന്നാൽ ദൈവം എല്ലാവരും (തിരഞ്ഞെടുപ്പിൻ വിളിയിലല്ലാത്തവർകൂടി) രക്ഷ പ്രാപിപ്പാനും (ആദാമ്യ ശിക്ഷാവിധിയിൽ നിന്നു) സത്യത്തിന്റെ (സൂക്ഷ്മമായ) പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു (1 തിമൊ.4:10; എബ്രാ. 2:9; 1 യോഹ. 2:2; റോമ. 16:20; 1 തിമൊ. 2:4-6; സംഖ്യ. 14:21; യെശ. 11:9).

പുതിയ ഭൂമിയിൽ (ഭൂമി എന്നാൽ സാമൂഹികവ്യവസ്ഥിതി) മാനുഷിക പൂർണ്ണതയിലേക്കുള്ള പെരുവഴിയിൽ പ്രവേശിക്കുന്ന മനുഷ്യരാശിക്കു ജീവനുവേണ്ടിയുള്ള പരിശോധനയാകുന്ന ന്യായവിധിയുടെ അവസരം നൽകപ്പെടും (അപ്പൊ. 17:31; 2 പത്രൊ.3:7-13; യെശ. 35;65:17-25; വെളി. 21:1-5;22:17).

മനുഷ്യ വർഗ്ഗത്തിന്റെ അന്തിമ പരിശോധനയ്ക്കായി സാത്താൻ അഴിച്ചു വിടപ്പെടുമ്പോൾ അവനു വളരെ അനുയായികളുണ്ടാകും. എന്നാൽ ദൈവം അവനേയും സകല ദുഷ്ടൻമാരേയും നശിപ്പിക്കും (വെളി. 20:3,7-10; 21:8; സങ്കീ. 37:9-11,38; 145:20; യെശ. 43:17; എബ്രാ. 2:14).

അങ്ങനെ ദൈവം അന്തിമമായി വിജയിക്കും. എന്തെന്നാൽ സാത്താൻ ഇല്ലാതെ പോകും. എല്ലാ നീതി കേടും വായ്പൊത്തും.സമസ്ത സൃഷ്ടിയും ദൈവത്തേയും ക്രിസ്തുവിനേയും എന്നെന്നേക്കും വാഴ്ത്തുകയും ചെയ്യും (യെഹെ. 28:19; സങ്കീ. 107:42; വെളി. 5:12,13).

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദ സത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.


**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
| --- | --- |
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |



Visit us at : **www.biblestandardindia.com** (For private circulation only)